# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 127. 14-12-2012-ൽ മറുപടിക്ക്

**നിയമവിരുദ്ധ കെട്ടിടനിർമ്മാണം**

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ.
ശ്രീ. വർക്കല കഹാർ.
ശ്രീ. വി.റ്റി. ബൽറാം.
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി.

**ഉത്തരം**

**ശ്രീ. മഞ്ഞളാംകുഴി അലി,**
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) നഗരപരിധിയിൽ നിയമവിരുദ്ധ കെട്ടിടനിർമ്മാണം വ്യാപകമായി നടക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) നഗരപരിധിയിൽ അനധികൃത നിർമ്മാണങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത നിർമ്മാണം തടയുന്നതിന് നഗരകാര്യവകുപ്പിന് എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിൽ ഉള്ളത്; | ബി) കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം III, XX, XXIII എന്നിവയിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ പ്രതിപാദിക്കുന്നുണ്ട്. ചട്ടം 157 പ്രകാരം അനധികൃത നിർമ്മാണം തടയുന്നതിന് വേണ്ടി ജില്ലാതല വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിനായി ഒരു എസ്.ടി.പി (വിജിലൻസ്) മാത്രമുണ്ടായിരുന്ന വിജിലൻസ് സംവിധാനം വകുപ്പിലെ 16 പേരെ കൂടി ഉൾപ്പെടുത്തി ശക്തിപ്പെടുത്തി. പ്രസ്തുത ടീം പത്തോളം നഗരസഭകളിൽ പരിശോധന നടത്തി നിരവധി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും അവയ്ക്കെതിരെ കർശന നടപടി സ്വീകരിച്ചുവരികയുമാണ്. തുടർ പരിശോധനകൾ നടന്നു വരുന്നു. |

| | |
|---|---|
| സി) നഗരകാര്യവകുപ്പിന്റെ വിജില ൻസ് സംവിധാനം കാര്യക്ഷമ മാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി കൾ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ എടു ത്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | സി) നഗരകാര്യ വകുപ്പിൽ ഒരു എസ്.ടി.പി. (വിജിലൻസ്) മാത്രം ഉളള വിജിലൻസ് സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. 2012 ജൂൺ മാസം അനധികൃത നിർമ്മാണ ങ്ങൾ കണ്ടുപിടിക്കുന്നതിനായി 16 പേരെക്കൂടി ഉൾപ്പെടുത്തി താത്കാലികമായി പ്രസ്തുത സംവിധാനം ശക്തിപ്പെടുത്തുകയുണ്ടായി. ശക്തമായ ഒരു വിജിലൻസ് സംവിധാനം വകുപ്പിൽ സ്ഥിരമായി ഉണ്ടാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അനധി കൃത നിർമ്മാണങ്ങൾക്ക് കൂട്ടുനിന്ന ഉദ്യോഗ സ്ഥരെ കണ്ടുപിടിക്കുന്നതിന് സഹായക മാകുംവിധം പൊതുജനങ്ങൾക്ക് നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരവും തസ്തി കയും ഉൾപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി കർശന ശിക്ഷാ നടപടികൾ സ്വീകരിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**